കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസ്

321 (1747) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കിയ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെന്തെല്ലാം ;

(ബി) പഴയ ഓർഡിനൻസിൽ നിന്ന് എന്തെല്ലാം മാറ്റങ്ങളാണ് പുതിയ ഓർഡിനൻസിലുള്ളത് ;

(സി) പുതിയ ഓർഡിനൻസ് പ്രകാരം വികേന്ദ്രീയ ആസൂത്രണ പ്രക്രിയയിൽ ഏത് തരത്തിൽ മാറ്റങ്ങളുണ്ടാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണം സംബന്ധിച്ച് ഒരു ഏകീകൃത നിയമം നിലിവിലില്ലായിരുന്നു. നഗര-ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്നത് പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിനും മലബാർ പ്രദേശത്തിനും യഥാക്രമം ബാധകമായിരുന്ന 1108 (ME)-ലെ ടൗൺ പ്ലാനിംഗ് ആക്ട്, 1120 (ME)-ലെ ട്രാവൻകൂർ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ട്, 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് എന്നീ ആക്ടുകളാണ്. മേൽപ്പറഞ്ഞ ആക്ടുകൾ റദ്ദുചെയ്തുകൊണ്ട് നഗര-ഗ്രാമാസൂത്രണത്തിനായി ഒരു ഏകീകൃത നിയമം ഉണ്ടാക്കുവാനുള്ള ഉദ്ദേശ്യത്തോടു കൂടിയാണ് 2014-ലെ നഗര ഗ്രാമാസൂത്രണ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഭരണഘടനയുടെ 74-ാം ഭേദഗതിയുടെ അടിസ്ഥാനത്തിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് നിലവിൽ വന്നപ്പോൾ ജില്ലാ ആസൂത്രണ കമ്മിറ്റിയുടേയും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയുടേയും രൂപീകരണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും സ്ഥലസംബന്ധമായ ആസൂത്രണം സംബന്ധിച്ച് പ്രത്യേകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നില്ല. ശാസ്ത്രീയമായ സ്ഥലസംബന്ധമായ ആസൂത്രണത്തിൽ കേന്ദ്രീകരിച്ചുകൊണ്ട് കേരള സംസ്ഥാനത്തെ നഗര-ഗ്രാമപ്രദേശങ്ങളിലെ ആസൂത്രിത വികസനം പ്രോത്സാഹിപ്പിക്കുന്നതിനും വളർച്ച ക്രമീകരിക്കുന്നതിനും അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും താമസക്കാരുടെ ശ്രേഷ്ഠത സംബന്ധമായ ആവശ്യങ്ങളും സൗകര്യങ്ങളും നേടിയെടുക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് അനുയോജ്യമായ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുക എന്നതാണ് 2014-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2014-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസ് (2014-ലെ 16)-ൽ നിന്നും പുതിയ ഓർഡിനൻസ് ആയ 2015-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിൽ (2015-ലെ 3) താഴെ പറയുന്ന പ്രധാന മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്:

(i) "സാമൂഹികവും സാമ്പത്തികവുമായ ആസൂത്രണം" എന്നത് സൂചിപ്പിക്കുന്ന വാക്കുകൾ ഓർഡിനൻസിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(ii) "സംസ്ഥാന നഗര-ഗ്രാമാസൂത്രണ കമ്മീഷനെ" , "സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡ്" ആയി നാമകരണം ചെയ്തു. ഓർഡിനൻസിൽ "കമ്മീഷൻ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നിടത്തെല്ലാം "ബോർഡ്" എന്ന വാക്ക് പകരം ചേർത്തു.

(iii) ഓർഡിനൻസിന്റെ 3-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ "സംസ്ഥാന നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി അല്ലെങ്കിൽ മന്ത്രിമാർ" എന്ന വാക്കുകൾക്കു പകരം "സംസ്ഥാന നഗര-ഗ്രാമാസൂത്രണം, മുനിസിപ്പാലിറ്റികൾ, പഞ്ചായത്തുകൾ, ഗ്രാമവികസനം, ആസൂത്രണം എന്നീ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രി അല്ലെങ്കിൽ മന്ത്രിമാർ" എന്ന വാക്കുകൾ ചേർത്തിട്ടുണ്ട്.

(iv) 15-ാം വകുപ്പിന്റെ (ജെ) ഖണ്ഡത്തിലെ (iii)-ാം ഇനം ഒഴിവാക്കിയിട്ടുണ്ട്.

(v) 16-ാം വകുപ്പിന്റെ ഇനം (സി) ഒഴിവാക്കിയിട്ടുണ്ട്.

(vi) 16-ാം വകുപ്പിന്റെ ഇനം (ഡി)-യിലും 24-ാം വകുപ്പിന്റെ നിലവിലുള്ള ഇനം (ഡി)യിലും 35-ാം വകുപ്പിന്റെ ഇനം (സി)-യിലും "സാമൂഹ്യക്ഷേമം" എന്ന വാക്ക് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 24-ാം വകുപ്പിന്റെ ഇനം (സി) ഒഴിവാക്കിയിട്ടുണ്ട്.

(vii) 2014-ലെ 16-ാം നമ്പർ ഓർഡിനൻസിന്റെ 48-ാം വകുപ്പിൽ ആസൂത്രണവും വികസന അതോറിറ്റിയും എന്ന വാക്കുകൾ ഒഴിവാക്കിയിട്ടുണ്ട്.

(viii) 51-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ബോർഡും ചീഫ് ടൗൺ പ്ലാനറുമായി കൂടിയാലോചിച്ച്" എന്ന വാക്കുകൾ ഒഴിവാക്കിയിട്ടുണ്ട്.

(ix) 54-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(x) 55-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (സി) ഖണ്ഡത്തിൽ "രണ്ട് അംഗങ്ങൾ" എന്നതിനു പകരം "നാല് അംഗങ്ങൾ" എന്ന് ചേർത്തിട്ടുണ്ട്.

(xi) 111-ാം വകുപ്പിൽ "കമ്മീഷനും" എന്ന വാക്കിന് പകരം ബോർഡ് എന്ന് ചേർത്തു. " കൂടാതെ ഈ ആവശ്യത്തിലേക്കായി കമ്മീഷൻ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ ജില്ലാ ആസൂത്രണ കമ്മിറ്റിയും മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയും വികസന അതോറിറ്റിയും ജോയിന്റ് ആസൂത്രണ കമ്മിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പാലിക്കേണ്ടതാണ്." എന്നത് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ മേൽപ്പറഞ്ഞ മാറ്റങ്ങൾക്ക് അനുയോജ്യമായ ചില മാറ്റങ്ങളും 2015-ലെ 3-ാം നമ്പർ ഓർഡിനൻസിൽ വരുത്തിയിട്ടുണ്ട്.

(സി) മാറ്റങ്ങളൊന്നുമില്ല.

ടൗൺ & കൺട്രി പ്ലാനിംഗ് ബോർഡ് രൂപീകരണത്തിന് നടപടി

322 (1748) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ബോർഡ് രൂപികരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കുമോ ;

(സി) ഇതിൽ നിന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങളെന്തൊക്കെ ; എപ്പോൾ ഇത് രൂപീകൃതമാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണ ബോർഡ് രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ 2015-ലെ നഗര-ഗ്രാമാസൂത്രണ ഓർഡിനൻസിന്റെ (2015-ലെ 3) 3 മുതൽ 7 വരെ വകുപ്പുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് നഗര-ഗ്രാമാസൂത്രണ ബോർഡിന്റെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും സംബന്ധിച്ച് 2015-ലെ 3-ാം നമ്പർ ഓർഡിനൻസിന്റെ 3, 4 വകുപ്പുകളിൽ വ്യവസ്ഥ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly